ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

സി.ജി.എ.സി/20768/2012 **തീയതി : 23/12/2016**

സർക്കുലർ

വിഷയം: ഉന്നത വിദ്യാഭ്യാസ വകുപ്പ് - അസാപ്പ്-മദ്ധ്യവേനലവധിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമ്മർ സ്കിൽ സ്കൂൾ (SUMMER SKILL SKOOL) പദ്ധതി വിശദാംശങ്ങൾ -സംബന്ധിച്ച് .

സൂചന: അസാപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21/12/2016-ാം തീയതിയിലെ 220/2016/ASAP(Admin) നമ്പർ കത്ത്.

അസാപ്പ് 2017 മദ്ധ്യവേനലവധിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമ്മർ സ്കിൽ സ്കൂൾ (SUMMER SKILL SKOOL) എന്ന ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സ്ഥാപനങ്ങളുടെയും അറിവിലേക്കായി ചുവടെ പ്രസിദ്ധീകരിക്കുന്നു.

ഒപ്പ്
ഡയറക്ടർ (i/c)

സമ്മർ സ്കിൽ സ്കൂൾ 2016-17

അക്കാഡമിക് പഠനത്തോടൊപ്പം തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന നൈപുണ്യ വികസനം ലക്ഷ്യമാക്കി ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തിവരുന്ന സംരംഭമാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം അഥവാ അസാപ്. വ്യവസായ മേഖലയുടെ വെല്ലുവിളികൾ നേരിടുന്നതിന് ബഹുമുഖ സമീപനമാണ് വിദ്യാർത്ഥികളെ സജ്ജരാക്കുവാൻ അസാപ് മുന്നോട്ടുവയ്ക്കുന്നത്.

മധ്യവേനലവധി ഇന്ന് വിനോദത്തിനും ഉല്ലാസങ്ങൾക്കും മാത്രമുള്ളതല്ല. മറിച്ച് സമയ ബന്ധിതമായ പരിപാടികളോടെ യുവത്വത്തിന്റെ ഊർജ്ജവും പ്രസരിപ്പും കൂടുതൽ ഉത്പാദനക്ഷമമായ മേഖലകളിലേക്ക് തിരിച്ചുവിടാനുള്ളതാണ്. മത്സരങ്ങളുടേതായ ഈ ലോകത്തിൽ തങ്ങളുടെ നൈസർഗ്ഗികമായ സ്കില്ലുകൾ മിനുസപ്പെടുത്താനും മെച്ചപ്പെടുത്താനും സമ്മർ ക്യാമ്പുകളുടെയും മറ്റും സഹായത്തോടെ കൂടുതൽ മികവോടെ പഠനരംഗത്തും തൊഴിൽ മേഖലയിലും സാമൂഹ്യ ജീവിതത്തിലും തിളങ്ങുന്ന വ്യക്തിത്വങ്ങളാകാൻ ഏവരും തയ്യാറാകുന്നു.

ക്രിയാത്മകമായ അവധിക്കാല കോഴ്സ് ചെയ്യുവാനാഗ്രഹിക്കുന്ന അവസാന വർഷ പ്ലസ് ടു-കോളേജ് വിദ്യാർത്ഥികൾക്കായി അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം-(അസാപ്)-സമ്മർ സ്കിൽ സ്കൂൾ എന്ന പേരിൽ ഹ്രസ്വകാല പരിശീലന പരിപാടി അവതരിപ്പിക്കുന്നു, വിവിധങ്ങളായ സ്കിൽ മേഖലകളിൽ പ്രായോഗിക പരിശീലനത്തിനും പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള നൂറോളം കോഴ്സുകൾ അവരവരുടെ അഭിരുചിക്കനുസരിച്ച് സമ്മർ സ്കിൽ സ്കൂളിൽ ലഭ്യമാണ്.

പഠനത്തിന് ശേഷം ഉടൻ ജോലി ആവശ്യമുള്ള കുട്ടികളെ അറിവും പ്രായോഗിക പരിശീലനവും നൽകി അനുയോജ്യമായ തൊഴിൽ മേഖലകളിൽ വിദഗ്ദ്ധരാക്കുക എന്നതാണ് സമ്മർ സ്കിൽ സ്കൂളിന്റെ ലക്ഷ്യം, വിനോദവും വിജ്ഞാനവും പകരുന്ന അധ്യയന രീതിയോടൊപ്പം വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പും

നൽകി ആധുനിക തൊഴിൽ മേഖലകൾക്ക് യോഗ്യരായ കുട്ടികളെയാണ് അസാപ് വാർത്തെടുക്കുന്നത്. വിവിധ മേഖലകളിൽപെട്ട ഒട്ടനവധി കോഴ്സുകളുടെ കലവറയാണ് ഇതിനു വേണ്ടി 2017 വേനലവധിക്കാലത്ത് അസാപ് ഒരുക്കിയിട്ടുള്ളത്.

ആർക്കൊക്കെ അപേക്ഷിക്കാം

സർക്കാർ അല്ലെങ്കിൽ എയ്ഡഡ് വിദ്യാലയങ്ങളി ലെ അവസാന വർഷ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി /ടെക്നിക്കൽ ഹയർസെക്കണ്ടറി/ ആർട്സ് ആൻഡ് സയൻസ് കോളേജ് ഡിഗ്രി ഫൈനല് ഇയർ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

ഫീസ് ഘടന:

വിഭാഗം	രജിസ് ട്രേഷൻ	കോഴ്സ് ഫീസ്
ജനറൽ കാറ്റഗറി	Rs.250	Rs.10000
എസ്.സി./എസ്.ടി. /ഓ.ബി.സി/ഓ.ഇ.സി	Rs.250	Nil
ബി.പി.എൽ	Rs.250	Nil
ഭിന്ന ശേഷിയുള്ളവർ	Rs.250	Nil

ഫീസ് ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾ 1000/- രൂപ വീതം മൂല്യനിർണയ ഫീസായി അടയ്ക്കേണ്ടതാണ്. കോഴ്സ് ഫീസ് നൽകുന്നവർക്ക് മൂല്യനിർണയ ഫീസ് സൗജന്യമാണ്.

അപേക്ഷ സമർപ്പിക്കേണ്ട വിധം

2017 ജനുവരി മാസത്തിൽ ഓൺലൈനായി അപേക്ഷകൾ സമർപിക്കാം. അസാപ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ (SDC), അസാപ് സ്കൂളുകൾ, അക്ഷയ സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നും അപേക്ഷകൾ സമർപ്പിക്കുവാൻ സൗകര്യം ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് അസാപ് SDCകൾ, അസാപ് വെബ്സൈറ്റ് എന്നിവ സന്ദർശിക്കാവുന്നതാണ്.

വിലാസം: www.asapkerala.gov.in/sss